Draft #2 of File 33060/AC A8/1/2019/AC A 8 Approved by ASSISTANT REGISTRAR II (ACADEMIC) on 25-Nov-2019 05:22 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

എസ് എഫ് ഐ മഹാത്മാഗാന്ധി സർവ്വകലാശാലാ യൂണിറ്റ് കമ്മിറ്റി ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി മുമ്പാകെ സമർപ്പിച്ച നിവേദനം - സിൻഡിക്കേറ്റ് പരിഗണിച്ച് തീരുമാനിച്ചതിൻപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 8 സെക്ഷൻ**

നമ്പർ. 5949/AC A 8/2019/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 26.11.2019

---

പരാമർശം:-1, എസ് എഫ് ഐ എംജി സർവ്വകലാശാലാ യൂണിറ്റ് കമ്മിറ്റി 27/08/19-ൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി മുമ്പാകെ സമർപ്പിച്ച നിവേദനം
2, 16/11/19-ലെ സിൻഡിക്കേറ്റ് മിനുട്സ് ഇനം നമ്പർ 95/19.10/33060/AC A8/1/2019

**ഉത്തരവ്**

എസ് എഫ് ഐ എം ജി സർവകലാശാല യൂണിറ്റ് കമ്മിറ്റി ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി മുമ്പാകെ പരാമർശം (1) പ്രകാരം സമർപ്പിച്ച നിവേദനം പരിശോധിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമായി സർവ്വകലാശാലയ്ക്ക് അയച്ച് തന്നിരുന്നു. പ്രസ്തുത നിവേദനത്തിൽ സർവ്വകലാശാലയിലെ വിദ്യാർത്ഥികൾ നേരിടുന്ന നിരവധിയായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് നിലവിൽ ഓരോ പരാതിയിലും വൈസ്ചാൻസിലറെയും രജിസ്ട്രാറെയും വന്നു കണ്ട് ബോദ്ധ്യപ്പെടുത്തി പരിഹാരം തേടേണ്ട അവസ്ഥയാണെന്ന് പറഞ്ഞിരുന്നു. ഇതിന് മാറ്റം ആവശ്യമാണെന്നും പരാതി പരിഹാരത്തിനായി പ്രത്യേക സംവിധാനം ആവശ്യമാണെന്നും നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്നു. ഇതിനായി വൈസ്ചാൻസിലർ, രജിസ്ട്രാർ, ബന്ധപ്പെട്ട മറ്റധികാരികൾ, വിദ്യാർത്ഥി യൂണിയൻ പ്രതിനിധികൾ, സംഘടനാ ഭാരവാഹികൾ എന്നിവർ ഉൾക്കൊള്ളുന്ന ഒരു സമിതി രൂപീകരിക്കണമെന്ന് നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്നു.

എസ് എഫ് ഐ എം ജി സർവ്വകലാശാല യൂണിറ്റ് കമ്മിറ്റി സമർപ്പിച്ച നിവേദനവും, വിദ്യാർത്ഥികളുടെ പരാതികൾ പരിഹരിക്കുന്നതിനായി സർവ്വകലാശാലയിൽ നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമേ ഇനിയും സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ടോ എന്നുള്ള വിഷയവും വൈസ് ചാൻസലറുടെ 09.10.2019-ലെ ഉത്തരവ് പ്രകാരം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു.

പരാമർശം (2) പ്രകാരം വിഷയം സിൻഡിക്കേറ്റ് പരിഗണിക്കുകയും 'വിദ്യാർത്ഥികളുടെ പരാതികൾ പരിഹരിക്കുന്നതിനായി സർവ്വകലാശാലയിൽ "ബോഡ് ഫോർ അഡ്ജ്യുഡിക്കേഷൻ ഓഫ് സ്റ്റുഡന്റ്സ് ഗ്രീവൻസസ് " എന്ന സ്റ്റാറ്റ്യൂട്ടറി സംവിധാനം നിലവിലുള്ളതിനാൽ മറ്റ് സമിതികൾ രൂപീകരിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും' ചെയ്തു

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജെസ്സി ജോൺ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്
1, സെക്രട്ടറി, എസ് എഫ് ഐ എംജി സർവ്വകലാശാലാ യൂണിറ്റ് കമ്മിറ്റി
2, ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി (ഉപരിപത്രം സഹിതം)
3,വിസി/പിവിസി എന്നവരുടെ പിഎസ്
4, രജിസ്ട്രാറുടെ പിഎ
5, എആർ/ഡിആർ/ജെആർ (അക്കാദമിക്)
6, എസിസി/ഐക്യുഎസി/സിഎംഎസ്
7, സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ